# KERALA ELECTRICITY EMPLOYEES' CONFEDERATION
# INTUC

KEEC

( Reg.No. 01-14/87- Aff. 10485 )
V.P. MARAKKAR SMARAKA MANDIRAM
AMBUJAVILASOM ROAD, THIRUVANANTHAPURAM - 695 001
Phone: 0471-2471087, Fax: 0471-2471087
Email: keecintuchq@gmail.com, Web: www.intuckeec.com

| PRESIDENT | GENERAL SECRETARY | TREASURER |
|---|---|---|
| K.P. DHANAPALAN Ex.M.P | SIBYKUTTY FRANCIS | V. GOPAKUMAR |

No. KEEC/GL/2017

തിരുവനന്തപുരം
23-03-2017

സ്വീകർത്താവ്

ബഹു.ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
വൈദ്യുതിഭവൻ, പട്ടം
തിരുവനന്തപുരം

സർ,

വിഷയം: പൊതു സ്ഥലംമാറ്റം 2017 - മാനദണ്ഡങ്ങൾ സംബന്ധിച്ച്.

2017 മുതലുള്ള പൊതു സ്ഥലംമാറ്റം ഓൺലൈൻ വഴി നടപ്പിലാക്കുന്നതിന് അനുപൂരകമായി നിലവിലെ ട്രാൻസ്ഫർ ഗൈഡ്‌ലൈൻ പരിഷ്ക്കരിക്കുന്നതിനായി അംഗീകൃത സംഘടനകളുമായി 10.1.2017 നും 16.1.2017 നും നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ ഒരു കരട് ഉത്തരവ് പബ്ലിഷ് ചെയ്തിട്ട് 2 മാസമായെങ്കിലും ഇതുവരെയും ബോർഡ് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. 10.1.2017 ലെയും 16.1.2017 ലെയും ചർച്ചകളിൽ ഞങ്ങൾ ഉന്നയിച്ച വിഷയം ഡ്രാഫ്റ്റ് ഗൈഡ്‌ലൈനിൽ വീണ്ടും കടന്ന് കൂടിയിട്ടുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

General Transfer Draft Guideline Clause VIII (6)

"An employee will be permitted to apply for general transfer only if he/she has put in an active service of not less than 1 year of a station excluding all periods of leave other than Casual leave/Special casual leave/ Special Disability leave/ Maternity leave/ Paternity leave".

ഈ നിർദ്ദേശ പ്രകാരം 250 കിലോ മീറ്ററിനുമപ്പുറം മലബാർ മേഖലയിലാണ് ജോലി ചെയ്യുന്നതെങ്കിൽ ഒരുവർഷവും മറ്റു സ്ഥലങ്ങളിലാണെങ്കിൽ 2 വർഷവും പൂർത്തിയാക്കിയാൽ മാത്രമേ ഒരു ജീവനക്കാരനെ ട്രാൻസ്ഫറിന് പരിഗണിക്കുകയുള്ളു. ഇതിനിടയിൽ Earned Leave, Commuted Leave തുടങ്ങിയ

അർഹതപ്പെട്ട അവധിയെടുക്കുന്ന ജീവനക്കാരന്, ആ കാരണംകൊണ്ട് ഒരുവർഷം/ രണ്ടുവർഷം കാലാവധി (കൃത്യദിവസം) തികയ്ക്കാൻ കഴിയാതിരുന്നാൽ ആ വർഷത്തെ ജനറൽ ട്രാൻസ്ഫറിന് പരിഗണിക്കില്ലായെന്ന നിർദ്ദേശം നിയമപരമായി നിലനിൽക്കുന്നതല്ല. ഏതാനം ദിവസങ്ങളുടെ പേരിൽ അടുത്ത ഒരുവർഷംകൂടി തൽസ്ഥാനത്ത് തുടരേണ്ടിവരുന്നതും യാഥാർത്ഥ്യത്തിന് നിരക്കുന്നതല്ല. രോഗംമൂലം അവധിയെടുക്കപ്പെടേണ്ടിവരുന്ന ജീവനക്കാരനും നീതി നിഷേധിക്കപ്പെടും. അർഹതപ്പെട്ട Earned Leave എടുക്കുന്ന വ്യക്തിയെ അത് വേണ്ടാന്ന് വയ്ക്കുവാൻ നിർബന്ധിക്കപ്പെടുന്നതും തൊഴിൽ നിയമങ്ങൾക്ക് വിരുദ്ധമാണ്. ഇക്കാര്യത്തിൽ ഞങ്ങളുടെ നിലപാട് ചീഫ് എഞ്ചിനീയർ (എച്ച്.ആർ.എം) ന്റെ ഓഫീസിൽ നടന്ന ചർച്ചയിൽ ഉൾപ്പടെ ബോർഡ് തലത്തിലുള്ള എല്ലാ ചർച്ചയിലും അറിയിച്ചിട്ടുള്ളതാണ്.

ഒരു ജീവനക്കാരൻ Earned Leave/Commuted Leave ആവശ്യപ്പെടുമ്പോൾ അതിന്റെ ഔചിത്യം മേൽദ്യോഗസ്ഥന് ബോധ്യപ്പെട്ടിട്ടാണ്. ജീവനക്കാരന് പ്രസ്തുത ലീവ് അനുവദിക്കുന്നത്. മാത്രവുമല്ല ഈ കാലയളവ് ഡ്യൂട്ടിയായി പരിഗണിച്ച് ജീവനക്കാരന് ശമ്പളവും നൽകുന്നുണ്ട്. എന്നാൽ ജനറൽ ട്രാൻസ്ഫറിന്റെ യോഗ്യത കാലയളവിന് ഈ കാലയളവ് പരഗണിക്കുകയില്ലായെന്ന് പറയുന്നത് നീതി നിഷേധമാണ്. ആയതിനാൽ LWA ഒഴികെയുള്ള എല്ലാ ലീവുകളും ജനറൽ ട്രാൻസ്ഫറിന്റെ യോഗ്യതാ കാലയളവായി എടുക്കണമെന്ന് ഞങ്ങളുടെ നിർദേശം പരിഗണിച്ച് ഗൈഡ്ലൈനിൽ ഉചിതമായ മാറ്റം വരുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

ജനറൽ സെക്രട്ടറി

Copy to:

ചീഫ് പേഴ്സണൽ ഓഫീസർ, കെ.എസ്.ഇ.ബി ലിമിറ്റഡ്, തിരുവനന്തപുരം